**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6194** **17-03-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകൾ ഏതെല്ലാം ഇലക്ട്രിക്കൽ ഡിവിഷനുകൾക്ക് കീഴിലാണെന്നും പ്രസ്തുത ഡിവിഷൻ ഓഫീസുകൾക്ക് കീഴിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ഇലക്ട്രിക്കൽ സെക്ഷനുകളുടെ വിവരവും അവയിലെ ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു. |

| **ഇലക്ട്രിക്കൽ ഡിവിഷൻ** | **ഇലക്ട്രിക്കൽ സെക്ഷൻ** | **ഉൾക്കൊള്ളുന്ന പഞ്ചായത്തുകൾ** | **ഉപഭോക്താക്കളുടെ എണ്ണം** |
|---|---|---|---|
| മട്ടാഞ്ചേരി | ഞാറക്കൽ | എടവനക്കാട്, നായരമ്പലം ഞാറക്കൽ | 25455 |
| | വൈപ്പിൻ | ഇളംകുന്നപ്പുഴ, മുളവുകാട് | 26417 |
| നോർത്ത് പറവൂർ | ചെറായി | കുഴുപ്പിള്ളി, പള്ളിപ്പുറം | 21079 |
| | വരാപ്പുഴ | കടമക്കുടി | 20297 |
| എറണാകുളം | ചേരാനല്ലൂർ | കടമക്കുടി | 17963 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഓരോ സെക്ഷൻ ഓഫീസിന് കീഴിലുള്ള ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ; | (ബി) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ഇലക്ട്രിക്കൽ സെക്ഷനുകളുടെ വിവരവും അവയിലെ ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു. |

| **ഇലക്ട്രിക്കൽ ഡിവിഷൻ** | **ഇലക്ട്രിക്കൽ സെക്ഷൻ** | **ഉൾക്കൊള്ളുന്ന പഞ്ചായത്തുകൾ** | **ഉപഭോക്താക്കളുടെ എണ്ണം** |
|---|---|---|---|
| മട്ടാഞ്ചേരി | ഞാറക്കൽ | എടവനക്കാട്, നായരമ്പലം ഞാറക്കൽ | 25455 |
| | വൈപ്പിൻ | ഇളംകുന്നപ്പുഴ, മുളവുകാട് | 26417 |
| നോർത്ത് പറവൂർ | ചെറായി | കുഴുപ്പിള്ളി, പള്ളിപ്പുറം | 21079 |
| | വരാപ്പുഴ | കടമക്കുടി | 20297 |
| എറണാകുളം | ചേരാനല്ലൂർ | കടമക്കുടി | 17963 |

| | | | |
|---|---|---|---|
| (സി) | ഉപഭോക്താക്കളുടെ എണ്ണവും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും പരിഗണിച്ച് മണ്ഡലത്തിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിൽ സ്വീകരിച്ച് വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ KSEBL-ൽ നടന്നു വരുന്നുണ്ട്. |
| (ഡി) | ഇലക്ട്രിക്കൽ സെക്ഷനോഫീസുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള/ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ? | (ഡി) | ഉണ്ട്. ഞാറക്കൽ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 5000 ഉപഭോക്താക്കളെ ചെറായി ഇലക്ട്രിക്കൽ സെക്ഷനിലെയ്ക്കും ചെറായി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 5000 ഉപഭോക്താക്കളെ മൂത്തകുന്നം ഇലക്ട്രിക്കൽ സെക്ഷനിലെയ്ക്കും മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ